**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2981** **25-06-2024 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കാർഷിക മേഖലയുടെ സംരക്ഷണത്തിന് പ്രധാന പങ്ക് വഹിക്കുന്ന തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ കാലഹരണപ്പെട്ടതിനാൽ പല ഷട്ടറുകളും ഉയർത്താൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തോട്ടപ്പള്ളി സ്പിൽവേയിൽ നിലവിൽ Stainless steel ഷട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം ഇതിന്റെ ലൈഫ് സ്പാൻ ഏകദേശം 35-40 വർഷം വരെയാണ്. നിലവിലെ Stainless steel ഷട്ടറുകൾ 2016-ലാണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ഷട്ടറുകളൊന്നും തന്നെ കാലഹരണപ്പെട്ടവയല്ല. തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ പഴക്കം ചെന്ന വയർറോപ്പ് മാറ്റി പുതിയവ സ്ഥാപിച്ച് ഷട്ടറുകൾ ഓപ്പറേഷൻ കണ്ടീഷനിലാക്കിയിട്ടുണ്ട്. |
| (ബി) | തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം 35-40 വർഷം ലൈഫ് സ്പാൻ നിഷ്കർഷിക്കുന്ന Stainless steel ഷട്ടറുകളാണ് തോട്ടപ്പള്ളി സ്പിൽവേയിലെ 40 എണ്ണവും. പ്രസ്തുത ഷട്ടറുകൾ സ്ഥാപിച്ചിട്ട് 8 വർഷം മാത്രമേ ആയിട്ടുള്ളൂ. നിലവിൽ ഷട്ടറുകൾക്ക് അപചയം ഉണ്ടായിട്ടില്ലാത്തതിനാൽ പുതിയ ഷട്ടറുകൾ സ്ഥാപിക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ